# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 581** **28.02.2017- ൽ മറുപടിക്ക്**

### കോട്ടൺ സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | ഉത്തരം<br>ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിലെ സഹകരണ പൊതു മേഖലാ സ്പിന്നിംഗ് മില്ലുകളിലേക്കുള്ള അസംസ്കൃതവസ്തുക്കളുടെ വാങ്ങൽ ഏകീകരിക്കുന്നതിന് രൂപവൽക്കരിച്ച കോട്ടൺ സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി (CCPC)യുടെ ആദ്യ ഇടപാടുകൾ തന്നെ വിവാദമാവുകയും സർക്കാരിന് നഷ്ടം വരികയും ചെയ്ത സാഹചര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) പൊതുമേഖലയിലും സഹകരണമേഖലയിലും ഉള്ള മില്ലുകൾ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി സംവിധാനത്തിലൂടെയാണ് 2009 ജൂൺ മുതൽ കോട്ടൺ പർച്ചേസ് നടത്തിവരുന്നത്. കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫോർമാറ്റിക് സെന്ററിന്റെ ഇ-പോർട്ടൽ ആയ ഇ-പ്രൊക്യൂർമെന്റ് സംവിധാനം മുഖേനയാണ് കമ്മിറ്റി ഈ പ്രാവശ്യവും കോട്ടൺ വാങ്ങിയത്. കമ്മിറ്റി തീരുമാനം എടുത്തത് മേൽ പറഞ്ഞ ടെണ്ടർ സംവിധാനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ്. ആയതിനാൽ സ്ഥാപനത്തിനോ സർക്കാരിനോ നഷ്ടമുണ്ടായിട്ടില്ല. |
| (ബി) പൊതുമേഖലാ സ്ഥാപനമായ കോട്ടൺ കോർപ്പറേഷൻ വഴി കോട്ടൺ കുറഞ്ഞ നിരക്കിൽ ലഭ്യമായിട്ടും സ്വകാര്യ ഏജൻസികൾക്ക് ഓർഡർ നൽകാനുള്ള തീരുമാനമെടുക്കാൻ കാരണമെന്താണ്; | (ബി) & (സി) ഇ-പ്രൊക്യൂർമെന്റ് സംവിധാനം മുഖേന കോട്ടൺ വാങ്ങുന്നതിനാൽ ടെണ്ടർ പ്രക്രിയയിൽ പങ്കെടുത്തവർക്കാണ് ഓർഡർ നൽകിയിട്ടുള്ളത്. |
| (സി) ഇത് പുന:പരിശോധിക്കുവാൻ സർക്കാർ തയ്യാറാകുമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ